രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഫിർമയും നൽകിവരുന്നുണ്ട്. എറണാകുളം ജില്ലയിൽ കടുങ്ങല്ലൂരിൽ ആരംഭിച്ചിട്ടുള്ള അലങ്കാര മത്സ്യകൃഷി പരിശീലന കേന്ദ്രത്തിൽ തന്നെ ഇവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും ഇവ ഫിർമയുടെ സഹായത്തോടെ വിറ്റഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) 3 കേന്ദ്രങ്ങൾ.

മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

82 [2580] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

„ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ മത്സ്യത്തൊഴിലാളി പെൻഷന്റെ എത്ര തവണകൾ കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ നൽകുകയുണ്ടായോ; എങ്കിൽ എത്ര ഗഡു കുടിശ്ശിക നൽകി; അതിന് എന്തുചെലവായി; ഇനി എത്ര ഗഡു കുടിശ്ശിക നൽകാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 18 മാസ തവണകൾ കുടിശ്ശികയുണ്ടായിരുന്നു.

(ബി) 18 മാസത്തെ കുടിശ്ശിക ഉൾപ്പെടെ 4/2004 വരെയുള്ള 54 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശികയും 7/2004 വരെയുള്ള 36 മാസത്തെ വിധവ പെൻഷനും നൽകിയിട്ടുണ്ട്. ഇതിനായി മൊത്തം 1680.88 ലക്ഷം രൂപ ചെലവായി. ഇനി 11 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷനും 7 മാസത്തെ വിധവാ പെൻഷനും കുടിശ്ശികയുണ്ട്. ഒരു മാസത്തിനകം ബാക്കിയുള്ള കുടിശ്ശികയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അപകടമരണ ധനസഹായം

83 [2581] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ ഒരു ലക്ഷം രൂപ പ്രസ്തുത് തൊഴിലാളിയുടെ കുടുംബത്തിന് നൽകുന്ന സ്കീം വഴി എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ എന്തു തുക എത്ര പേർക്ക് കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ധനസഹായം അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 215 കുടുബങ്ങൾക്ക്.

(ബി) 229 പേർക്ക് 229 ലക്ഷം രൂപ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

84 [2582] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ് വഴിയും മറ്റു ബാങ്കുകൾ വഴിയും എടുത്ത വായ്പകൾ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര മത്സ്യത്തൊഴിലാളികളുടെ എന്തു തുക വീതം എഴുതി തള്ളാനാണ് തീരുമാനിച്ചതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ എന്നത്തേക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

85 [2583] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടയ്ക്ക് സാരമായി അപകടം പറ്റിയ തൊഴിലാളികൾക്ക് ചികിത്സയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിക്കുന്നത്;

(ബി) മത്സ്യബന്ധനത്തിനിടയ്ക്ക് അപകടം പറ്റിയ ഒരു തൊഴിലും ചെയ്യാൻ പറ്റാത്ത തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്ക് ധനസഹായം അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly